# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം. പി10/2214/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/11/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024–2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം. പി10/2214/2025 തീയ്യതി: 26/11/2025

**കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024–2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-06-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മണിലാൽ വി | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2025 | 25-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2025 | 25-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ലാലു ആർ.,ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി വി.,ഓഡിറ്റർ
ശ്രീ.അനീഷ് സുരേഷ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സീമ കെ. | സെക്രട്ടറി | 01-04-2024 | 02-09-2024 |
| ശ്രീ.ദിലീപ് റ്റി. | സെക്രട്ടറി | 03-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വ |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 23-1 202 |
| ശ്രീ.നിസ്സാർ എ . | അസി. സെക്രട്ടറി | 24-10-2024 | 31-0 202 |
| ശ്രീമതി ലിജി ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-0 202 |
| ശ്രീ.ശ്രീജിത്ത് എസ്സ്. | കൃഷിഓഫീസർ | 01-04-2024 | 17-1 202 |
| ശ്രീ.അനന്തപത്മനാഭൻ | കൃഷിഓഫീസർ | 18-12-2024 | 31-0 202 |
| ശ്രീ.ശിഖിൽരാജ് | വി.ഇ.ഒ. | 01-04-2024 | 16-0 202 |
| ശ്രീ.അശ്വിൻ .എസ് | വി.ഇ.ഒ. | 01-04-2024 | 31-0 202 |
| ശ്രീമതി മനുജ ആർ.യു, | വി.ഇ.ഒ. | 11-10-2024 | 31-0 202 |
| ശ്രീ.തോമസ്സ് എം. | ഹെഡ്മാസ്റ്റർ | 01-04-2024 | 31-0 202 |
| ശ്രീമതി വിശ്വലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-0 202 |
| ഡോ.അമൃത് സുധീന്ദ്രൻ വിഷ്ണു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 06-0 202 |
| ഡോ. റ്റീനു മേരി തോമസ്സ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 07-06-2024 | 06-0 202 |
| ഡോ. എൽവിൻ ജോസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 07-02-2025 | 31-0 202 |
| ഡോ.അതുൽബാബുരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-0 202 |
| ഡോ.എ.ടെൻസൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-0 202 |
| ശ്രീമതി പത്മജാദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 28-0 202 |
| ശ്രീ.മനേഷ് എം എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-02-2025 | 31-0 202 |
| ശ്രീമതി ആര്യ അശോക് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-0 202 |

| | | | |
|---|---|---|---|
| ഡോ.വിജയ് വി. | വെറ്ററിനറി സർജൻ | 01-04-2024 | 22-0<br>202 |
| ഡോ.അരുൺ കുമാർ എം.എസ്സ്. | വെറ്ററിനറി സർജൻ | 23-07-2024 | 22-0<br>202 |
| ഡോ.രശ്മി ആർ.ജി. | വെറ്ററിനറി സർജൻ | 23-09-2024 | 31-0<br>202 |
| ശ്രീമതി സ്മിത എൽ. | അക്രെ.എഞ്ചിനീയർ(MGNREGS) | 01-04-2024 | 31-0<br>202 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | CFC40(B) ,B-4 പ്രകാരമുള്ള നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖപ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | RP-31ൽ SECURED LOANS ഇനത്തിൽ ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-4 |
| 6 | Suchitwa Mission Grant I-6ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-5 |
| 7 | ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ബാലൻസ് ഷീറ്റിലുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-6 |
| 8 | OTHER ADVANCE ൽ ഉൾപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-7 |
| 9 | PRIOR PERIOD EXPENDITURE ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-8 |
| 10 | B-18ൽ തൻവർഷത്തെ നിക്ഷേപ പ്രവൃത്തിയുടെ വിശദാംശം ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | എ.എഫ്.സിലെ ചെലവും സുലേഖചെലവും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതിഅവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത. | 1-11 |
| 22 | ഹോമിയോപ്പതി മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 1-12 |
| 23 | വിവിധ മരുന്നുവാങ്ങൽ പ്രോജക്റ്റുകൾ- മരുന്നുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകതകൾ | 1-13 |
| 24 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി | 1-14 |

| | | |
|---|---|---|
| 25 | ഭവനപുനരുദ്ധാരണം- ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-15 |
| 26 | മാലിന്യ സംസ്ക്കരണം അനുബന്ധ പ്രവർത്തന ചെലവുകൾ-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-16 |
| 27 | അങ്കണവാടികളുടെ ഭരണ നിർവ്വഹണ ചെലവ്- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-17 |
| 28 | വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിന് നടപടികളില്ല | 1-18 |
| 29 | ഫുഡ് ഫോറസ്ററ്-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-19 |
| 30 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല | 1-20 |
| 31 | ആർദ്രം പദ്ധതി -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിയമനം നടത്തി | 1-21 |
| 32 | അതിദാരിദ്ര്യനിർമാർജനം മരുന്നുവാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായില്ല | 1-22 |
| 33 | പഞ്ചായത്ത് അക്കൗണ്ടിലേക്കുള്ള വരവുകൾ രേഖപ്പെടുത്തുന്നതിൽ അപാകതകൾ. | 1-23 |
| 34 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല | 1-24 |
| 35 | കുന്നേൽമുക്ക് കോട്ടാമുക്ക് റോഡ് മെയിന്റനൻസ് - അപാകതകൾ | 1-25 |
| 36 | എല്ലാവർക്കും ബിരുദം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 37 | പൊതുശ്മശാന നിർമ്മാണം പദ്ധതി ആരംഭിച്ചില്ല. | 1-27 |
| 38 | തെരുവ് വിളക്ക് പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-28 |
| 39 | തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ - അപാകത | 1-29 |
| 40 | കായൽ ടൂറിസം മേഖലയിൽ സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 1,79,333/- തടസ്സപ്പെടുത്തുന്നു. | 1-30 |
| 41 | വിവിധ കുടിവെള്ള പദ്ധതികൾ-വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയേഗ രേഖകൾ ലഭ്യമാക്കിയില്ല. | 1-31 |
| 42 | ജൽജീവൻമിഷൻ അവലോകനം | 1-32 |
| 43 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23/7/2025 തീയതിയിലെ3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 25/7/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
സ്ഥലം-കൊല്ലം
തീയതി-26.11.2025

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 CFC40(B) ,B-4 പ്രകാരമുള്ള നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല

CFC40(B) പ്രകാരം നീക്കിയിരുപ്പ്- 5253100/-
B-4 പ്രകാരം നീക്കിയിരുപ്പ്- 5275953/- വ്യത്യാസം- 22853/-

### 1-1-3 എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖപ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

Development Fund Scp എ.സി.ആർ പ്രകാരമുള്ള ചെലവ്- 1133428/-

സുലേഖ പ്രകാരമുള്ള ചെലവ്- 11255537/-

വ്യത്യാസം- 78750/-

**1-1-4 RP-31ൽ SECURED LOANS ഇനത്തിൽ ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം നിലനിൽക്കുന്നു**

ലൈഫ് മിഷൻ വായ്പ തുക ലഭ്യമായത് 320000/-

എന്നാൽ RP-31ൽ SECURED LOANS ഇനത്തിൽ ചേർത്തിരിക്കുന്ന തുക- 408695/- രൂപ (320000+88695(പലിശ))

**1-1-5 Suchitwa Mission Grant I-6ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല**

Suchitwa Mission Grant I-6-ൽ ഉൾപ്പെടുത്തിയിരിക്കുന്ന 2295556/- രൂപയുടെ വിശദാംശം ലഭ്യമാക്കിയില്ല. TRIAL BALANCE പ്രകാരം 2295556/- രൂപ Closing Credit ആയി കാണിച്ചിട്ടുണ്ട്.

**1-1-6 ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ബാലൻസ് ഷീറ്റിലുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല**

ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ബാലൻസ് ഷീറ്റിൽ 191444/- രൂപ നിൽക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

**1-1-7 OTHER ADVANCE ൽ ഉൾപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല**

B-18ൽ ഉൾപ്പെടുത്തിയിട്ടുള്ള OTHER ADVANCE- 10000/- രൂപയുടെ വിശദാംശം ലഭ്യമാക്കിയില്ല.

**1-1-8 PRIOR PERIOD EXPENDITURE ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല**

PRIOR PERIOD EXPENDITURE ൽ ഉൾപ്പെടുത്തിയിട്ടുള്ള 11025/- രൂപയിൽ 8700/- രൂപ Permit Refund ഇനത്തിൽ നൽകിയ തുകയാണ്. ബാലൻസ് തുകയായ 2325/- രൂപയുടെ വിശദാംശം ലഭ്യമാക്കിയില്ല.

**1-1-9 B-18ൽ തൻവർഷത്തെ നിക്ഷേപ പ്രവൃത്തിയുടെ വിശദാംശം ഉൾപ്പെട്ടിട്ടില്ല**

B-18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ADVANCE TO OTHERS എന്ന ഹെഡ്ഡിൽ കളീലിൽമുക്ക്ചിറ്റാടിക്കാവ് റോഡിൽ കടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ തുക-300000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-10 എ.എഫ്.സിലെ ചെലവും സുലേഖചെലവും പൊരുത്തപ്പെടുന്നില്ല**

മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് AFSലെ ചെലവ് (I-6)- 6105047/-
സുലേഖയിലെ ചെലവ്- 6557892/-
ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ AFS ലെ ചെലവ് (I-6)- 11393000/-
സുലേഖയിലെ ചെലവ്- 11545000/-

**1-2 ബജറ്റ്**

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 09.02.24 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 23.01.25 ലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 13421548/- രൂപ |
| വരവ് | 33169839/- രൂപ |
| ആകെ | 46591387/- രൂപ |
| ചെലവ് | 32205453/- രൂപ |
| നീക്കിയിരിപ്പ് | 14385934/- രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1098731/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ്–ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

**1-4 ഫണ്ട് വിനിയോഗം**

| **ഫണ്ടിനം** | **ഒ.ബി ₹** | **വരവ് ₹** | **ആകെ ₹** | **ചെലവ് ₹** | **നീക്കിയിരിപ്പ്/ ലാപ്സായ തുക ₹** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11545000/- | 11545000/- | 11545000/- | 0/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11395000/- | 11395000/- | 11255537/- | 139463/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 733466- | 4613500/- | 5346966/- | 1509118/- | 3837848/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി | 0 | 294622 | 294622 | 294622 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 1429923/- | 2080926- | 3510849/- | 2072744/- | 1438105/- |
| മെയിന്റനൻസ്, റോഡ് | 0 | 12448000/- | 12448000/- | 12427915/- | 20085/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7271000/- | 7271000/- | 6957892/- | 313108/- |
| | **ഒ.ബി ₹** | **വരവ് ₹** | **ആകെ ₹** | **ചെലവ് ₹** | **നീക്കിയിരിപ്പ് ₹** |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| MGNREGS | 0 | 2052829 | 2052829 | 2052829 | 0 |
| ഐ.സി.ഡി.എസ് | 1348893 | 1852660 | 3201553 | 507587 | 2693966 |
| ശുചിത്വമിഷൻ | 481948/- | 1151761 | 1633709 | 1151761 | 481948 |
| Health Grant Diagnostic Infrastructure To PHC | 24616 | 322898 | 347514 | 25148 | 322366 |
| Health Grant Conversion Of PHC And Subcenters | 132445/- | 528896 | 661341 | 126298 | 535043 |
| Health Grant Towards Buildingless Sub Centers, PHCs And CHCs | 2805500 | 76241 | 2881741 | 2775000 | 106741 |
| Awards And Honours-Central Govt | 1575572 | 4112 | 1579684 | 1575572 | 4112 |
| Total Sanitation Campaign | 381000/- | 0 | 381000/- | 0 | 381000/- |
| ആയുഷ് | 63135 | 0 | 63135 | 0 | 63135/- |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ലൈഫ് സംസ്ഥാനാവിഷ്കൃതം | 2024126/- | 46631 | 2070757 | 280000- | 1790757/- |
| സാക്ഷരത | 1958 | 55 | 2013 | 0 | 2013 |
| കാവ് സംരക്ഷണം | 12787/- | 0 | 12787/- | 0 | 12787/- |
| കുടുംബശ്രീ | 4971/- | 0 | 4971/- | 0 | 4971/- |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 148774581/- | 182 | 57252180/- | 0 | 53 | 77% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1141/- രൂപ | 1382058/- രൂപ | 1383199/- രൂപ | 1383199/- രൂപ | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 45175597/- രൂപ | 45175597/- രൂപ | 45175597/- രൂപ | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2500200/- |
| വിധവാ പെൻഷൻ | 11551200/- |
| വാർദ്ധക്യകാല പെൻഷൻ | 21473900/- |
| വികലാംഗ പെൻഷൻ | 5068300/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 340000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2025 3.35 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 279/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രതിദിന വരവു തുകകൾ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. K-SMART സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല. കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കുവാനുള്ള ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പ്രാദേശിക വികാരം കൂടി കണക്കിലെടുത്തു വേണം പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ. തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കുമ്പോൾ അതിന്റെ നിർവഹണം സംബന്ധിക്കുന്ന രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 24.01.2023 | 1.10.2022–31.12.2022 | 24/01/23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2019 | 2014-15-2018-19 | 15/01/2020 |

**1-11 വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.**

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് തൻവർഷം പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള ലൈസൻസ് തുകയോടൊപ്പം ആണ്. അതാത് അർദ്ധവർഷത്തിലെ വരുമാനത്തിനെ ആസ്പദമാക്കി ഒടുക്കേണ്ടുന്ന തൊഴിൽ നികുതി ഒറ്റത്തവണ ആയി ഒടുക്കിയതിനാൽ 27.06.2024 ലെ സ.ഉ.(സാധാ) നം.1149/2024/LSGD ലൂടെ 01.10.2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള പുതുക്കിയ നിരക്കുകൾ പ്രകാരമല്ല രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിരുന്നത്. തൊഴിൽ നികുതി പരിഷ്കരണത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുള്ളതും ഏകീകരിക്കപ്പെട്ടിട്ടുള്ളതുമായ സ്ലാബുകളുടെ വരുമാന പരിധിയിൽ വരുന്ന നികുതിദായകരിൽ നിന്ന് ഈടാക്കിയ നികുതി തുകകളിൽ ഈ വ്യത്യാസം പ്രകടം ആണ്. ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്കു മറുപടിയായി, ഇത്തരത്തിൽ വരവിലുണ്ടായിരിക്കുന്ന വ്യത്യാസം നികത്തുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച പ്രകാരം തൊഴിൽ നികുതിയിൽ വന്നിട്ടുള്ള കുറവ് പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 22/24.10.25

**1-12 ഹോമിയോപ്പതി മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായും ലഭ്യമായില്ല.**

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം മരുന്നു വാങ്ങുന്നതിനായി, "ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി (HOMCO) ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പേര് | അടങ്കൽ (രൂപ) | ബിൽ നം. | മരുന്ന് വാങ്ങുന്നതിനായി നൽകിയ തുക(രൂപ) | ലഭ്യമായ മരുന്നിന്റെ വില(രൂപ) | അവശേഷിക്കുന്ന മരുന്നിന്റെ വില(രൂപ) |
|---|---|---|---|---|---|
| 102/25, ഹോമിയോപ്പതി-മരുന്ന് വാങ്ങൽ | 2,50,000/- | BRN: 24040352012300988733 Dtd. 06.12.2024 | Rs. 2,50,000/- | Rs. 1,11,752/- | Rs. 1,38,248/- |

ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്കു മറുപടിയായി, ഹോംകോയിൽ നിന്ന് ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുള്ളതാണ്. മരുന്നു ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 1,38,248/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.4/21.10.2025

**1-13 വിവിധ മരുന്നുവാങ്ങൽ പ്രോജക്റ്റുകൾ- മരുന്നുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകതകൾ**

2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ്- 34/25), വയോജനങ്ങൾക്കു പ്രത്യേക പരിചരണ പദ്ധതി (പ്രോജക്റ്റ്- 130/25), സൂതിക (പ്രോജക്റ്റ് – 93/25) എന്നീ പ്രോജക്റ്റുകൾ പ്രകാരം ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ്- 34/25– ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ.

A)

| ക്രമ നം | മരുന്നിന്റെ വിവരണം | ടാക്സ് ഇൻവോയ്സ് നം | മരുന്ന് ലഭ്യമായ തീയതി & ഇൻവോയ്സ് പ്രകാരമുള്ള വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | അഗസ്ത്യരസായനം (500gm) | 90368042 Dtd. 31.12.2024 | 30 Units Dtd. 14.01.2025 | സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 2 | വരചൂർണം (500 Gm) | 90368042 Dtd. 31.12.2024 | 10 Units Dtd. 14.01.2025 | സ്റ്റോക്കിൽ 15 യൂണിറ്റുകൾ ചേർത്തിട്ടുള്ളതാണ് |
| | | | | |

| | | | | |
|---|---|---|---|---|
| 3 | കനകാസവം (450ml) | 90371835 Dtd. 30.01.2025 | 101 Units Dtd. 25.02.2025 | സ്റ്റോക്കിൽ ചേർത്തപ്പോൾ മുന്നിരിപ്പ് കണക്കിലെടുത്തിട്ടില്ല |

B) ക്ഷീരബല 21 ടൈംസ് - 30.03.2025 ലെ ടാക്സ് ഇൻവോയ്സ് നം 90382204 പ്രകാരം ലഭ്യമായിട്ടുള്ള മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

സ്റ്റോക്കിൽ ചേർത്ത തീയതി- 23.05.2025

| ക്രമ നം. | ബാച്ച് നം. | മാനുഫാക്ചർ തീയതി | എക്സ്പയറി തീയതി | എണ്ണം |
|---|---|---|---|---|
| 1 | T75249 | 03/2025 | 02/2027 | 12 |
| 2 | T75236 | 02/2024 | 01/2026 | 6 |
| 3 | T75234 | 11/2023 | 10/2025 | 7 |
| | | | ആകെ | 25 |

മുൻ സാമ്പത്തിക വർഷം മരുന്നുവാങ്ങൽ പദ്ധതി മുഖേന വാങ്ങിയ ടി മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-
ഇൻവോയിസ് നം/ തീയതി- 90338334/ 26.03.2024
സ്റ്റോക്കിൽ ചേർത്ത തീയതി- 15.04.2024

| ക്രമ നം. | ബാച്ച് നം. | മാനുഫാക്ചർ തീയതി | എക്സ്പയറി തീയതി | എണ്ണം |
|---|---|---|---|---|
| 1 | T75236 | 02/2024 | 01/2026 | 41 |
| 2 | T75237 | 03/2024 | 02/2026 | 27 |
| | | | ആകെ | 68 |

24-25 സാമ്പത്തിക വർഷത്തിലെ മരുന്ന് വാങ്ങൽ പദ്ധതിയിലൂടെ വാങ്ങിയ മരുന്നുകൾ 23.05.2025 ന് സ്റ്റോക്കിൽ ചേർക്കുന്ന വേളയിൽ മുൻബാക്കിയായി ഉണ്ടായിരുന്നത് 50 എണ്ണം ആണ്. 23-24 സാമ്പത്തിക വർഷത്തിൽ വാങ്ങിയതും 15.04.2024 ന് സ്റ്റോക്കിൽ ചേർത്തിട്ടുള്ളതുമായ 68 എണ്ണത്തിൽ, 23.05.2025 ന് പുതിയതായി 25 എണ്ണം ചേർക്കുന്നത് വരെ, ആകെ ഇഷ്യൂ ചെയ്തിട്ടുള്ളത് 18 എണ്ണം (ഇൻഡന്റ് നം. 26/ 24-25, എണ്ണം- 18, തീയതി- 23.10.2024) മാത്രം ആണ്. മുൻബാക്കിയായി 50 എണ്ണം നിലനിൽക്കെയാണ് താരതമ്യേന ആവശ്യക്കാർ കുറവായിട്ടുള്ളതായി രേഖകളിൽ നിന്നും മനസ്സിലാക്കാവുന്ന ടി മരുന്ന് പുതിയതായി വാങ്ങിയതും ആയതിൽ 2025 പത്താം മാസം എക്സ്പയറി ഉള്ള ബാച്ച് 75234 ഉൾപ്പെടുന്നതും. ടി മരുന്ന് എക്സ്പയർ ആകുന്നതിനു മുൻപ് ഉപയോഗത്തിൽ വരുത്തിയതായി ബോധ്യപ്പെടുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
2) പ്രോജക്റ്റ്- 130/25- വയോജനങ്ങൾക്കു പ്രത്യേക പരിചരണ പദ്ധതി.

| ക്രമ നം. | മരുന്നിന്റെ വിവരണം | ടാക്സ് ഇൻവോയ്സ് നം | മരുന്ന് ലഭ്യമായ തീയതി & ഇൻവോയ്സ് പ്രകാരമുള്ള വിശദശാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | ഏലാദി കോക്കനട്ട് ഓയിൽ (200ml) | 90360746 Dtd. 30.10.2024 | 82 Units Dtd. 30.10.2024 | സ്റ്റോക്കിൽ 80 യൂണിറ്റുകൾ മാത്രം ആണ് ചേർത്തിട്ടുള്ളത്. |
| 2 | പിണ്ഡ തൈലം (200ml) | 90360746 Dtd. 30.10.2024 | 100 Units Dtd. 30.10.2024 | സ്റ്റോക്കിൽ 78 യൂണിറ്റുകൾ മാത്രം ആണ് ചേർത്തിട്ടുള്ളത്. |

3. പ്രോജക്റ്റ് – 93/25- സൂതിക.

| ക്രമ നം. | മരുന്നിന്റെ വിവരണം | ടാക്സ് ഇൻവോയ്സ് നം. | മരുന്ന് ലഭ്യമായ തീയതി & ഇൻവോയ്സ് പ്രകാരമുള്ള വിശദശാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | പുളിംകുഴമ്പ് | 90360883 Dtd. 30.10.2024 | 52 Units Dtd. 26.11.2024 | സ്റ്റോക്കിൽ 47 യൂണിറ്റുകൾ മാത്രം ആണ് ചേർത്തിട്ടുള്ളത് |

സ്റ്റോക്ക് സൂക്ഷിപ്പും മരുന്നുകളുടെ നിലവിലെ നിലയും അറിയുന്നതിലേയ്ക്ക് സമർപ്പിച്ച എൻക്വയറികൾ മറുപടി ലഭ്യമാക്കിയിട്ടില്ല.
സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും മരുന്നുകൾ വാങ്ങുമ്പോൾ

ആയവയുടെ മുൻകാല ഉപഭോഗം പരിഗണിക്കേണ്ടതും പുതിയതായി ലഭ്യമാകുന്ന മരുന്നുകളുടെ അളവും കാലാവധിയും ടി ഉപഭോഗനിരക്കിന് അനുസൃതമാണെന്നു ഉറപ്പു വരുത്തേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 5/21.10.2025

**1-14 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി**

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ, ഫോറം 6, സൈറ്റ് പ്ലാൻ എന്നിവ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മി | ഉപയോഗക്രമം/വഴിസൌകര്യം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 20% നികുതിവർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|
| 6/539 | ശ്രീ. സുനിൽ ഡി., റൂബി സുനിൽ | 173.82 | പാർപ്പിടം, പരുത്തി വിളമുക്ക് റോഡ് | അടിസ്ഥാന വസ്തു നികുതി നിരക്ക് : 7.35 കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി : 1216.74 | 243 |
| 2/617 | ശ്രീ. അബ്ദുൾ സത്താർ, ഷംല | 113.62 | പാർപ്പിടം, കുന്നത്തുത്തറ ആദികാട്ട് മുക്ക് റോഡ് (പ്ലാൻ, 2023 വസ്തു നികുതി പരിഷ്കരണം, പ്രകാരം 5 മീറ്ററിൽ കൂടുതൽ) | അടിസ്ഥാന വസ്തു നികുതി നിരക്ക് : 7.35 കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി : 835.107 | 167 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, മേൽ കെട്ടിടങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുണ്ടെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ നികുതി പരിഷ്കരണം നടത്തി അധിക തുക ഈടാക്കി വിവരമറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 21/ 23-10-2025

**<u>1-15 ഭവനപുനരുദ്ധാരണം- ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല</u>**

2024-25 വർഷം ഭവനപുനരുദ്ധാരണ എസ്സ്.സി.പി പ്രോജക്ടുകൾ പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ 5 പേർ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ഭവന പുനരുദ്ധാരണത്തിന് പട്ടികജാതി വിഭാഗത്തിന് 100000/- രൂപ ധനസഹായം നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പ്രോജക്ട് നമ്പർ | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|
| ഭവനപുനരുദ്ധാരണം എസ്സ്.സി | 81/24-25 | 1400000/- | വികസന ഫണ്ട് എസ്സ്.സി.പി | 650000/- |
| ഭവന പുനരുദ്ധാരണം എസ്സ്.സി | 155/24-25 | 746000/- | വികസന ഫണ്ട് എസ്സ്.സി.പി | 452000/- |

1. ഭവന പുനരുദ്ധാരണം എസ്സ്.സി (81/24-25)- വീടുപണി പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക, ബിൽ നമ്പർ/തീയ്യതി |
|---|---|---|
| 1 | ശ്രീ. സന്തോഷ്, കരിക്കകത്തിൽ വീട്, വലിയപാടം | 50000/-33/28.02.25 |
| 2 | ശ്രീമതി ശ്യാമള, പുത്തൻതറ, ഐത്തോട്ടുവ | 50000/41/17.03.25 |
| 3 | ശ്രീ. ശിവപ്രസാദ്, കുറ്റിക്കാട്ടു വിളയിൽ, കോതപുരം | 50000/47/21.03.25 |
| 4 | ശ്രീ. സുരേഷ്, ചെറുതോപ്പിൽ പടിഞ്ഞാറ്റതിൽ | 50000/-51/25.03.25 |

2.ഭവന **പുനരുദ്ധാരണംഎസ്സ്.സി(155/24-25)-2023-24 സാമ്പത്തിക വർഷം** ഒന്നാം ഗഡു കൈപ്പറ്റിയിട്ടുള്ള ചുവടെ കൊടുത്തിട്ടുള്ള ഗുണഭോക്താവ് നാളിതു വരെ വീടുപണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക, ബിൽ നമ്പർ/തീയ്യതി |
|---|---|---|
| 5 | ശ്രീമതി തങ്കമണി.ജി., ശോഭാഭവനം, നടുവിലക്കര | 50000/- 310/22.01.24 |

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, ക്രമ നമ്പർ 1 ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2,3,4 ഗുണഭോക്താക്കൾ 2025 ഡിസംബറിനകം പണി പൂർത്തീകരിക്കുമെന്നും ക്രമ നമ്പർ 5 ഗുണഭോക്താവ് ഭവന പുനരുദ്ധാരണം

ആരംഭിച്ചിട്ടില്ലാത്തതിനാൽ 17.05.25 ൽ ഭരണ സമിതി യോഗം ചേർന്ന് ഫയൽ നമ്പർ8/വി.ഇ.ഒ. പ്രകാരം ആർ.ആർ. നടപടിയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും മറുപടി നൽകി. ക്രമ നമ്പർ 1, 2, 3, 4 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിൻ പ്രകാരമുള്ള വാല്യൂവേഷൻ, അവസാന ഗഡു കൈപ്പറ്റിയതിന്റെ രേഖകൾ, ക്രമ നമ്പർ 5 ഗുണഭോക്താവിനെതിരെ സ്വീകരിച്ച ആർ.ആർ. നടപടിയുടെ തുടർ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-16/23-10-2025

**1-16 മാലിന്യ സംസ്കരണം അനുബന്ധ പ്രവർത്തന ചെലവുകൾ-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ**

പ്രോജക്ട് നം. 215/25
അടങ്കൽ- 63121/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 40260/-
പ്രോജക്ട് നം. 23/25
അടങ്കൽ- 2050000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 178760/-

മാലിന്യ സംസ്കരണം അനുബന്ധ പ്രവർത്തന ചെലവുകൾ എന്ന പ്രോജക്ടുകൾ (215/25, 23/25) പ്രകാരം ഹരിതകർമ്മസേന കളക്ട് ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എം സി.എഫിലേക്ക് എത്തിക്കുന്നതിന് തൻവർഷം ചുവടെ ചേർക്കും പ്രകാരം വാഹന വാടക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം | വാഹന ഉടമയുടെ പേര് | വാഹന വാടക ലോഡൊന്നിന് | ലോഡിംഗ് അൺലോഡിംഗ് ചാർജ്ജ് ലോഡൊന്നിന് | തുക (രൂപ) | സാങ്ഷൻ ഓർഡർ നം./ തീയതി |
|---|---|---|---|---|---|
| 215/25 | ശ്രീ. റെജി ഫിലിപ്പ്, കുരല്ലൂർ വീട്, ഐത്തോട്ടുവാ | 300/- | 200/- | 7000/- | 275/10.07.24 |
| 23/25 | | 300/- | 200/- | 1500/- | 371/15.10.24 |
| 23/25 | | 300/- | 200/- | 3500/- | 373/06.05.24 |
| 23/25 | | 300/- | 200/- | 4500/- | 372/15.10.24 |
| 23/25 | | 300/-- | 200/- | 10000/- | 382/24.10.24 |
| 23/25 | | 300/-- | 200/- | 6500/- | 426/21.11.24 |
| 23/25 | | 300/- | 200/- | 6000/- | 425/21.11.24 |
| 23/25 | | 300/- | 200/- | 9500/- | 434/28.11.24 |
| 23/25 | | 300/- | 200/- | 7500/- | 530/28.01.25 |
| 23/25 | | 300/- | 200/- | 7000/- | 531/28.01.25 |
| 23/25 | | 300/- | 200/- | 6000/- | 602/28.02.25 |
| 23/25 | | 300/- | 200/- | 3400/- | 574/21.02.25 |
| ആകെ | | | | 72400/- | |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ(സാ.ധാ.) നം.1496/2020, തീയതി.12.08.2020 പ്രകാരമുള്ള ഹരിതകർമസേനയുടെ പ്രവർത്തന മാർഗ്ഗരേഖ അനുസരിച്ച്, ഹരിത കർമ്മസേനയ്ക്ക് വാഹന സൌകര്യം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. ഇതിലേയ്ക്കായി വാഹനം വാങ്ങി നൽകുകയോ, വാടകയ്ക്ക് എടുത്ത് നൽകുകയോ ചെയ്യാവുന്നതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. വാഹന വാടക ലോഡൊന്നിന് 300/- രൂപയും ലോഡിംഗ് അൺലോഡിംഗ് ചാർജ്ജ് ലോഡൊന്നിന് 200/- രൂപയും എന്നിങ്ങനെ ലോഡെണ്ണത്തിനനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. മേൽ പ്രകാരം വാഹന വാടക നിശ്ചയിച്ചത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഹരിത കർമ്മസേനയ്ക്ക് വാഹന സൌകര്യം ലഭ്യമാക്കുന്നതിലേക്കായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും എന്നാൽ തൻവർഷം ആയത് നടപ്പിലായില്ലെന്നും മാലിന്യസംസ്കരണം അനിവാര്യ ചുമതലയായതിനാൽ അടിയന്തിരമായി മാലിന്യം നീക്കം ചെയ്യുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന വാടകയ്ക്കെടുത്തതെന്നും മറുപടി ലഭ്യമാക്കി. അടിയന്തിര പ്രാധാന്യമുള്ളതും ആവർത്തിച്ച് വരുന്നതുമായ ചെലവുകൾ സർക്കാർ നിർദ്ദേശം പാലിക്കാതെ ചെയ്തതിനാൽ 72400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 72400/- രൂപ

2. മേൽ പ്രോജക്ട് പ്രകാരം (23/25) ഹരിത കർമ്മസേനയ്ക്ക് യൂസർഫീ കാർഡ്, രസീത് എന്നിവ ലഭ്യമാക്കിയതിന് തുക അനുവദിച്ചിട്ടുണ്ട്.
21.12.24 ലെ 11/1 കമ്മിറ്റി തീരുമാന പ്രകാരം ഹരിത കർമ്മസേനയ്ക്ക് യൂസർഫീ കാർഡ്, രസീത് എന്നിവ ക്വട്ടേഷൻ

പ്രകാരം വാങ്ങുന്നതിന് വി.ഇ.ഒ.യെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ രസീത് മാത്രമാണ് ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയിട്ടുള്ളത്. യൂസർഫീ കാർഡ് 5200 എണ്ണം 9400/- (സാങ്ഷൻ ഓർഡർ നം./ തീയതി-148/13.02.25) രൂപയ്ക്ക് കൈലാസ് ഓഫ്സെറ്റ് & ഫ്ലക്സ് പ്രിന്റേഴ്സിൽ നിന്നും ക്വട്ടേഷൻ നടപടി കൂടാതെ വാങ്ങുകയാണ് ചെയ്തത്. കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, അടിയന്തിരമായി യൂസർഫീ കാർഡ് ആവശ്യമുള്ളതിനാലാണ് മേൽ പ്രകാരം വാങ്ങൽ നടത്തിയതെന്ന് മറുപടി നൽകി. 10000/- രൂപയ്ക്ക് താഴെയുള്ള പർച്ചേസുകൾ ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നതാണ്.എന്നാൽ മേൽ പ്രകാരം കമ്മിറ്റി തീരുമാനമെടുത്തതിനു ശേഷം അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-16/23-10-2025

## 1-17 അങ്കണവാടികളുടെ ഭരണ നിർവ്വഹണ ചെലവ്- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

1. പ്രോജക്റ്റ് നമ്പർ- 75/25
അടങ്കൽ- 30000/-
ചെലവ്- 29979/-
ബിൽ നമ്പർ- 23/09.07.25
നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികളുടെ ഭരണ നിർവ്വഹണ ചെലവ് എന്ന പ്രോജക്റ്റ് പ്രകാരം 49, 44, 36 എന്നീ നമ്പർ അങ്കണവാടികളുടെ വെള്ളക്കരമിനത്തിലെ പിഴ, കുടിശ്ശിക എന്നിവ ഒടുക്കു വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നമ്പർ | കേരള വാട്ടർ അതോറിറ്റി ബിൽ നമ്പർ/തീയതി | ഒടുക്കു വരുത്തിയ കുടിശ്ശിക തുക | പിഴത്തുക |
|---|---|---|---|
| 49 | 144947673/12.07.24 | 645 | 26 |
| 44 | 143999678/02.07.24 | 645 | 26 |
| 36 | 145069484/15.07.24 | 1316 | 52 |
| | | ആകെ- 2606/- | 104/- |

മേൽ പ്രകാരം വെള്ളക്കരമിനത്തിൽ കുടിശ്ശിക വരുത്തിയതിനും തുക അനുവദിച്ചു നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, അങ്കണവാടി വർക്കർമാർ ലീവിലായതിനാലാണ് തുക യഥാസമയം ഒടുക്കു വരുത്തുവാൻ സാധിക്കാതിരുന്നത് എന്ന മറുപടി ലഭ്യമാക്കി. അങ്കണവാടികളുടെ വെള്ളക്കരം, കറണ്ട് ചാർജ്ജിനത്തിലുള്ള തുകകൾ യഥാസമയം ഒടുക്കു വരുത്തുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതും മേൽ പ്രകാരമുള്ള അനാവശ്യച്ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

2. എ) പ്രോജക്റ്റ് നമ്പർ- 279/25
അടങ്കൽ- 42296/- (മെയിന്റനൻസ് ഫണ്ട്-നോൺറോഡ്)
ചെലവ്- 42296/-
ബിൽ നമ്പർ- 44/29.03.25
ബി) പ്രോജക്റ്റ് നമ്പർ- 224/25(SO)
അടങ്കൽ- 80000/- (59979/- തനത്ഫണ്ട്, 20021/- മെയിന്റനൻസ് ഫണ്ട്- നോൺറോഡ്)
ചെലവ്- 20021/- മെയിന്റനൻസ് ഫണ്ട്-നോൺറോഡ്
ബിൽ നമ്പർ- 45/29.03.25

51 ാം നമ്പർ അങ്കണവാടി വെള്ളക്കരം എന്ന പ്രോജക്ടുകൾ പ്രകാരം (279/25, 224/25) കേരള വാട്ടർ അതോറിറ്റിയുടെ 158202583/15.01.25 ലെ ബിൽ പ്രകാരമുള്ള പിഴ 5952/-, കുടിശ്ശിക 96396/- ഉൾപ്പെടെ 102348 രൂപയിൽ 62317/- രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. മേൽ അങ്കണവാടിയ്ക്ക് ഭീമമായ തുക കുടിശ്ശിക വന്നതിനുള്ള കാരണം, ബാക്കി തുക ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, മേൽ അങ്കണവാടിയുടെ അണ്ടർ എർത്ത് വാട്ടർ കണക്ഷനിൽ ലീക്കേജ് ഉണ്ടായിരുന്നതിനാൽ വാട്ടർ ബിൽ തുക കൂടി വന്നിരുന്നുവെന്നും ഈ വിവരം പഞ്ചായത്തിനെയും വാട്ടർ അതോറിറ്റിയെയും അറിയിച്ചിരുന്നുവെന്നും ആയതിൻ പ്രകാരം വാട്ടർ അതോറിറ്റി ഇൻസ്പെക്ഷൻ നടത്തുകയും പൈപ്പ് കണക്ഷൻ കട്ട് ചെയ്തിട്ടുണ്ടെന്നും, ബാക്കി ഒടുക്കു വരുത്തുവാനുള്ള 40031/- രൂപ അദാലത്തിലൂടെ ഒഴിവാക്കിയിട്ടുള്ളതായും മറുപടി ലഭ്യമാക്കി. എത്ര മാസത്തെ കുടിശ്ശികയാണ് മേൽ പ്രകാരം ഡിമാന്റ് ചെയ്തത്, വാട്ടർ ബിൽ കൂടി വരുന്നത് സംബന്ധിച്ച് എന്നാണ് പഞ്ചായത്തിനെയും വാട്ടർ അതോറിറ്റിയെയും വിവരമറിയിച്ചത് മേൽ സ്ഥാപനങ്ങൾ സ്വീകരിച്ച തുടർനടപടികൾ എന്നിവ ഉൾപ്പെടുന്ന ഫയലോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ബാക്ക് ഫയൽ സൂക്ഷിച്ചിട്ടില്ല എന്ന് വാക്കാൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-5/22-10-2025

## 1-18 വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിന് നടപടികളില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 200(1)-ൽ ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പ്രദേശത്ത് വസ്തു നികുതിയും തൊഴിൽ നികുതിയും പരസ്യ നികുതിയും വിനോദനികുതിയും ചുമത്താവുന്നതാണെന്നും, സെക്ഷൻ 200(2)-ൽ ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവഞ്ചിങ്, തെരുവുവിളക്ക്, ഡ്രൈനേജ് എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ചുമത്താവുന്നതാണെന്നും, സെക്ഷൻ 207-ൽ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നൊഴിവാക്കേണ്ട കെട്ടിടങ്ങളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട മിനിമം സേവന ഉപനികുതി 10% ആണെങ്കിലും ഗ്രാമപഞ്ചായത്തിൽ ഈടാക്കുന്നില്ല. സെക്ഷൻ 200(2)-ൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾക്ക് പഞ്ചായത്ത് പ്രതിവർഷം തുക ചെലവഴിക്കുന്നുണ്ടെങ്കിലും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സേവന ഉപനികുതി ഇതുവരെ ഈടാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്ഷൻ 200(2)-ൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾ എല്ലാം പഞ്ചായത്ത് നൽകുന്നതിനാലും തനതു വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാലും സേവന ഉപനികുതി ഈടാക്കുന്ന കാര്യം പഞ്ചായത്ത് ഭരണസമിതി പരിഗണിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 17/23.10.25

**<u>1-19 ഫുഡ് ഫോറസ്റ്റ്-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ</u>**

| പ്രോജക്ട്/ നം. | അടങ്കൽ | ചെലവ് |
|---|---|---|
| ഫുഡ്ഫോറസ്റ്റ്, 250/25 | തനത് ഫണ്ട് - 20000 | തനത് ഫണ്ട് -20000<br>(ബിൽ നം.3/29.03.25) |

(എ) സ്കൂൾ കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണത്തിലും പരിപാലനത്തിലും ബോധവൽക്കരണം ലക്ഷ്യമിട്ട് അംഗീകൃത വിദ്യാലയങ്ങൾക്ക് ഫലവൃക്ഷ തൈകൾ വിതരണം നടത്തുന്നതിലേക്കായി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് ഫുഡ് ഫോറസ്റ്റ്. മേൽ പ്രോജക്ട് പ്രകാരം ഫലവൃക്ഷ തൈകൾ ജില്ലാ അഗ്രികൾച്ചർ ഫാം, അഞ്ചലിൽ നിന്ന് വാങ്ങിയിട്ടുണ്ട്.
സ.ഉ.(എം.എസ്.)നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 ഖ.3.1 പ്രകാരം മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 14ാം പഞ്ചവത്സര പദ്ധതി കാലയളവിലെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സാങ്കേതിക വിദഗ്ധസമിതിയുടെ 12.12.2024 ലെ യോഗത്തിൽ 102 ഇനങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിലേക്കായി മേൽ നടപടി പ്രകാരം നിശ്ചയിച്ച നൽകിയ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നിരക്കിൽ തൈകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം., തീയതി | തൈകൾ/ എണ്ണം | വാങ്ങിയ നിരക്ക്/ ചെലവ് | യൂണിറ്റ് കോസ്റ്റ് / ആയതു പ്രകാരമുള്ള ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 227/2024-25/10.03.25 | പ്ലാവ് ഗ്രാഫ്റ്റ് 40 | 150/6000/- | 75/3000 | 3000 |
| | മാവ് ഗ്രാഫ്റ്റ് 40 | 100/4000/- | 75/3000 | 1000 |
| | | | ആകെ | 4,000/- |

അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, വേനലിനെ അതിജീവിക്കാൻ പ്രാപ്തമായതും ഒരു വർഷം പ്രായമായതുമായ വലിയ തൈകളാണ് വാങ്ങിയതെന്ന മറുപടി ലഭ്യമാക്കി. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ അധികമായി നൽകിയ 4,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ബി) മേൽ പ്രോജക്ട് പ്രകാരം സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണം, പരിസ്ഥിതി സംരക്ഷണവും പരിപാലനവും എന്ന ലക്ഷ്യത്തോടെ അംഗീകൃത വിദ്യാലയങ്ങൾക്ക് തൈ വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കുമ്പളത്ത് ശങ്കുപ്പിള്ള സ്മാരക ഗ്രന്ഥശാലയ്ക്ക് തൈ വിതരണം നടത്തിയിട്ടുണ്ട്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, കോതപുരം എൽ.പി.എസ്സിൽ നൽകിയ തൈകൾ പരിപാലിക്കാൻ സാധിക്കാതെ വന്നതിനാൽ ആയത് തിരികെ കൃഷി ഭവനിൽ ലഭ്യമാക്കിയിട്ടുള്ളതാണെന്നും ഈ തൈകളാണ് കുമ്പളത്ത് ശങ്കുപ്പിള്ള സ്മാരക ഗ്രന്ഥശാലയ്ക്ക് വിതരണം നടത്തിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. ആവശ്യകതാ നിർണ്ണയം നടത്താതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. മേലിൽ ഇത്തരം പ്രോജക്ടുകൾ നടത്തുമ്പോൾ ആവശ്യകതയ്ക്ക് അനുസരിച്ച് വാങ്ങലുകൾ നടത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തത് പ്രകാരം നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക- 4000/-
ഓഡിറ്റ് എൻക്വയറി നം. 8/ 22-10-2025

## 1-20 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി 2020 പ്രകാരം 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയവരിൽ 6 ഗുണഭോക്താക്കൾ വീട്ടു പണി പൂർത്തികരിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി - എസ്സ്.സി

| ക്രമ നം | പേര്, മേൽ വിലാസം | നൽകിയ തുക/തീയതി |
|---|---|---|
| 1 | ശ്രീ. ഗംഗാധരൻ, കീച്ചേരി ചരുവിൽ, കോതപുരം | 40000/- (പ്ലാൻ-385/23.02.22) |
| 2 | ശ്രീ. സേതു, ശ്രുതിലയം | 40000/- (ഹഡ്കോ ലോൺ-37/10.06.22) |
| 3 | ശ്രീമതി വസന്തകുമാരി, രമ്യാലയം, ഐത്തോട്ടുവ | 40000/- (സ്റ്റേറ്റ് ഷെയർ-51/28.06.22) |
| 4 | ശ്രീ. സുരേന്ദ്രൻ, ചെറുതോപ്പിൽ പടിഞ്ഞാറ്റതിൽ, ഐത്തോട്ടുവാ | 40000/- (പ്ലാൻ-37/12.03.25) |
| 5 | ശ്രീമതി സുഭാഷിണി, കണ്ണമ്പലത്ത് വീട് | 40000/- (പ്ലാൻ-53/25.03.25) |

2. ലൈഫ് ഭവന പദ്ധതി - ജനറൽ

| ക്രമ നം | പേര്, മേൽ വിലാസം | നൽകിയ തുക/ബിൽ നമ്പർ/തീയതി |
|---|---|---|
| 6 | ശ്രീമതി സജിതാകുമാരി, ഇടയാടിയിൽ, ഐത്തോട്ടുവാ | 40000/- (പ്ലാൻ-34/12.03.25) |

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ക്രമ നമ്പർ 1, 2, 3 ഗുണഭോക്താക്കൾക്കെതിരെ ആർ.ആർ. നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും ക്രമ നമ്പർ 4, 5, 6 പ്രകാരമുള്ള വ്യക്തികൾക്ക് 2025 മൂന്നാം മാസത്തിലാണ് തുക നൽകിയതെന്നും 2025 നവംബർ 30 -നകം ഫൌണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 1, 2, 3 ഗുണഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും 4, 5, 6 പ്രകാരമുള്ള വ്യക്തികൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-16/23-10-2025

## 1-21 ആർദ്രം പദ്ധതി -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിയമനം നടത്തി

1. പ്രോജക്ട് നം. 103- ആർദ്രം പദ്ധതി
വികസനഫണ്ട് അടങ്കൽ- 1345851
ചെലവ്- 1233853
2. പ്രോജക്ട് നം. 156- ആർദ്രം പദ്ധതി (സ്പിൽ ഓവർ)
അടങ്കൽ തുക- 346790/- (വികസന ഫണ്ട്)
ചെലവഴിച്ച തുക- 346790/-

2024-25 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് ആർദ്രം പദ്ധതി. പ്രസ്തുത പദ്ധതികൾ പ്രകാരം എഫ്.എച്ച്.സിയിലേക്ക് ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ലാബ് അസിസ്റ്റന്റ് എന്നിവർക്കാണ് വേതനം നൽകിയിരിക്കുന്നത്. ജി.ഒ.(കൈ)115/2022/ത.സ്വ.ഭ.വ, തീയതി-28.05.2022/14-ാം സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം ആർദ്രം മിഷന്റെ ഭാഗമായി എഫ്.എച്ച്.സികളിലും സി.എച്ച്.സികളിലും ഉച്ചകഴിഞ്ഞും, വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെയും സേവനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ എഫ്.എച്ച്.സിയിൽ ഒരു ഡോക്ടറിനെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം നിയമിച്ച് വേതനം നൽകാവുന്നതാണ്. എന്നാൽ വെസ്റ്റ്കല്ലട ഗ്രാമപഞ്ചായത്തിൽ ഒരു ഡോക്ടർ, ഒരു പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്കൊപ്പം ഒരു നഴ്സിനെ കൂടി നിയമിച്ച് വേതനം നൽകിയിട്ടുണ്ട്.
വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം- 103<br>വേതനം നൽകിയ കാലയളവ് | പേരു വിവരം | വേതനം (രൂപ) | ബിൽ നമ്പർ |
|---|---|---|---|
| 4/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995/- | 52-29/5/24 |
| 5/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995/- | 55-3/6/24 |
| 6/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995/- | 99/19-7-24 |
| 7/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 118/6-8-24 |
| 8/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 142/4-9-24 |
| 9/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 253/12-12-24 |
| 10/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 255/12/12/24 |

| | | | |
|---|---|---|---|
| 11/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 262/16-12-24 |
| 12/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 308/6-1-25 |
| 1/25 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 441/10-3-25 |
| 2/25 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 456/11-3-25 |
| (പ്രോജക്ട് നം-156) (സ്പിൽ ഓവർ) വേതനം നൽകിയ കാലയളവ് | | | |
| 1/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 4/9-5-24 |
| 2/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 5/9-5-24 |
| 3/24 | ശ്രീമതി ലക്ഷ്മി (സ്റ്റാഫ് നേഴ്സ്) | 30995 | 6/9-5-24 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധിക നിയമനവുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാകുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 433930/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക 433930/-

ഓഡിറ്റ് എൻക്വയറി നം. 26/24-10-25

## 1-22 അതിദാരിദ്ര്യനിർമാർജനം മരുന്നുവാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായില്ല

പ്രോജക്ട് നം-110

അതിദാരിദ്ര്യനിർമാർജനം മരുന്നുവാങ്ങൽ

വികസനഫണ്ട് അടങ്കൽ- 40000/-

ചെലവ്- 40000/-

തനത് ഫണ്ട് അടങ്കൽ- 8500/-

ചെലവ്- 0

ബ്ലോക്ക് പഞ്ചായത്ത് അടങ്കൽ- 100000/-

ചെലവ്- 0

ആകെ അടങ്കൽ- 148500/-

ചെലവ്- 40000/-

2024-25 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജനം മരുന്നുവാങ്ങൽ. പ്രസ്തുത പദ്ധതിയിൽ IHDB-യിൽനിന്ന് മരുന്നു വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം-15928/N/2025/3 DTD 22/3/25 പ്രകാരം 40000/- രൂപ (എ.സി.ആർ ബിൽ നം-532/23-3-25) നൽകി. C-3465/2025DTD2/7/25 പ്രകാരം 30644.50/- രൂപയും C-3711/25DTD8/7/25 പ്രകാരം 5033.50 രൂപയുടെ മരുന്നുകൾ ലഭ്യമായി. 4322/- രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 4322/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധപ്രോജക്ടുകളിലായി എച്ച്.എം.സി ഫണ്ടിൽ നിന്നും തുക ചിലവഴിച്ചതിനു ശേഷം പദ്ധതി നടപ്പിലാക്കുമ്പോൾ വകയിരുത്തുന്ന ഫണ്ടിൽ നിന്നും എച്ച്.എം.സി ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്നുണ്ട്. 2024-25 വർഷം എച്ച്.എം.സി ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി മുൻകൂർ ചിലവഴിച്ച തുക, എച്ച്.എം.സി ഫണ്ടിലേക്ക് 24-25 വർഷം റീകൂപ്പ് ചെയ്ത തുക എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല. എച്ച്.എം.സി ഫണ്ടിൽ നിന്നും മുൻകൂർ നൽകുന്നതിന്റെയും റീകൂപ്പ് ചെയ്യുന്നതിന്റെയും വ്യക്തമായ കണക്കുകൾ സൂക്ഷിക്കേണ്ടതും 4322/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക 4322/-

ഓഡിറ്റ് എൻക്വയറി നം. 28/25-10-25

## 1-23 പഞ്ചായത്ത് അക്കൗണ്ടിലേക്കുള്ള വരവുകൾ രേഖപ്പെടുത്തുന്നതിൽ അപാകതകൾ.

2024-25 സാമ്പത്തിക വർഷത്തിലെ വരവുകളുടെ പരിശോധനയിൽ ഡേ ബുക്കിൽ ബാങ്ക് ശീർഷകത്തിന് കീഴിലായി രേഖപ്പെടുത്തിയിരിക്കുന്ന വരവുകൾ അക്കൗണ്ടിൽ വരവ് വെച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡേ ബുക്ക് തീയതി | വരവായി രേഖപ്പെടുത്തിയിരിക്കുന്ന തുക | അക്കൗണ്ടിൽ വരവുവന്ന തുക | വ്യത്യാസം | റിമാർക്സ് | പരിഹാര നടപടി |
|---|---|---|---|---|---|---|
| 1 | 03.12.2024 | Rs. 3427/- | Rs. 1703/- | Rs. 1724/- | പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ ശ്രീ സുജീഷ് റെസിപ്റ്റ് നം | വ്യത്യാസം വന്ന 1724/- രൂപ നികുതി ദായകനിൽ നിന്നും |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1240500652 മുഖേന ഒടുക്കിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന 1740/-രൂപ അക്കൗണ്ടിൽ വരവായിട്ടില്ല. ഇതേ ദിവസം രേഖപ്പെടുത്താത്ത 16/- രൂപ വരവായിട്ടുണ്ട്. | 25.10.2025- ന് ഈടാക്കിയിട്ടുള്ളതാണ്. |
| 2 | 20.03.2025 | Rs. 8941 | Rs. 6994/- | Rs. 1947/- | പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ ശ്രീ ചന്ദ്രബാബു 1240502679, 81, 82 എന്നീ റെസിപ്റ്റ് നമ്പറുകൾ മുഖേന ഒടുക്കിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന രൂപ 1947/- അക്കൗണ്ടിൽ വരവായിട്ടില്ല. | പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ അതെ ദിവസം നിക്ഷേപിച്ചിട്ടുള്ളതാണ്. |

മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.20/23.10.2025

**<u>1-24 മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല</u>**

2024-25 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ ചെലവുരേഖകൾ ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | ഫണ്ടിനം അടങ്കൽ തുക | ചെലവഴിച്ച തുക | ഹാജരാക്കാനുള്ള ചെലവ് രേഖകളുടെ തുക | ചെലവിനങ്ങൾ | തടസ്സപ്പെടുത്തിയ തുക/ബിൽ നം- തീയതി |
|---|---|---|---|---|---|
| 113- കുടുംബാരോഗ്യകേന്ദ്രം കണ്ടിജൻസി ചെലവുകൾ | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് 140356/- | 140042/- | 30988/- | മെയിൻ സെന്റർ, സബ്സെന്റർ എന്നിവിടങ്ങളിലെ കറന്റ്ചാർജ്, വെള്ളക്കരം എച്ച്.എം.സി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക റീകൂപ്പ് ചെയ്തത്. | 30988/- എസി.ആർ.ബിൽ നം- 82/24-3-25 |
| 219- കുടുംബാരോഗ്യകേന്ദ്രം കണ്ടിജൻസി | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് 36041/- | 36041/- | 6218/- | വാട്ടർ ചാർജ്, ടെലഫോൺ ചാർജിനത്തിൽ എച്ച്.എം.സി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക | 6218/- എസിആർ ബിൽനം- 49/11-12-24) |
| 117- സഞ്ചരിക്കുന്ന ആശുപത്രി ചെലവ് | ബ്ലോക്ക് ഷെയർ – 200000/- ജില്ലാ പഞ്ചായത്ത്- 500000 മെയിന്റനൻസ് | 279709. | 104572/- | മരുന്നു വാങ്ങലിനായി ചെലവഴിച്ച തുക | 104572/- രൂപ എ.സി.ആർ ബിൽ നം-54/3-6-24) |

| | | | | | |
|---|---|---|---|---|---|
| | ഗ്രാന്റ് നോൺറോഡ്-279920 ആകെ അടങ്കൽ-979920 | | | | |
| 94-പരിരക്ഷ പാലിയേറ്റീവ് കെയർ | വികസന ഫണ്ട് അടങ്കൽ-300000/- <br> സി.എഫ്.സി-100000/- | വികസനഫണ്ട് 300000/- <br> സി.എഫ്.സി-100000/- | 24720/- <br> 100000/- | പാലിയേറ്റീവ് നഴ്സ് ശമ്പളം, അലവൻസ് മരുന്നുവാങ്ങൽ | 24720/- എ.സി.ആർ ബിൽനം-264/16-12-24) <br> 100000/-(Xvfc/24-25/P/87dtd 26/3/25) |
| | | | | ആകെ തടസ്സപ്പെടുത്തിയ തുക | 266498/- |

രേഖകൾപരിശോധനക്ക് ഹാജരാക്കണമെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ 266498/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 19/23.10.25, 25/24.10.25
തടസ്സപ്പെടുത്തിയ തുക 266498/- രൂപ

**1–25 കുന്നേൽമുക്ക് കോട്ടാമുക്ക് റോഡ് മെയിന്റനൻസ് – അപാകതകൾ**

പദ്ധതി നം. 200/ 25 – കുന്നേൽമുക്ക് കോട്ടാമുക്ക് റോഡ് മെയിന്റനൻസ്

അടങ്കൽ – 2,68,131 (മെയിന്റനൻസ് ഗ്രാന്റ് - റോഡ് )

ചെലവ് – 1,95,800/- (ബിൽ നം 21/ 24-25/ 10.07.24 - അസി. എൻജിനിയർ)

കരാറുകാരൻ- ശ്രീ രണദേവ് @ 2,27,230/-

കരാർ 06/ AE/AE/ WK/ 04.09.24

14.09.2024-ൽ 6 മാസ പൂർത്തീകരണ കാലാവധിയിൽ ആരംഭിച്ച് മേൽ പ്രവൃത്തി 75% പൂർത്തിയാക്കുകയും 2024 മാർച്ചിൽ പ്രാദേശിക തർക്കം മൂലം ഉപേക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രവൃത്തി ആരംഭിച്ചപ്പോൾ തന്നെ പ്രദേശവാസിയുടെ എതിർപ്പ് ഉണ്ടാവുകയും ടിയാന്റെ വസ്തുവിലേക്ക് ട്രാക്ടർ റാംപ് പോലുള്ള സൗകര്യങ്ങൾ നിർമ്മിച്ച് നൽകിയാൽ മാത്രമെ സൈഡ് വാൾ നിർമ്മാണം പൂർത്തിയാക്കുവാൻ സമ്മതിക്കുകയുള്ളവെന്നും അറിയിച്ചതിനാൽ ബാക്കി പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രദേശവാസികളുടെ പൂർണ സഹകരണം ഉറപ്പാക്കിയതിനു ശേഷം മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നംപർ 10/ 22.10.25

**1–26 എല്ലാവർക്കും ബിരുദം – പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| പ്രോജക്റ്റ് നം. | എല്ലാവർക്കും ബിരുദം (27/25) | എല്ലാവർക്കും ബിരുദം (168/25) (സ്പിൽ ഓവർ) |
|---|---|---|
| അടങ്കൽ തുക | ₹280000/- (തനത് ഫണ്ട്) <br> ₹500000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ₹246290/- (തനത് ഫണ്ട്) <br> ₹200000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) <br> ₹400000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| | ₹780000/ | ₹654800/- |
| ചെലവഴിച്ച തുക | 27280/- (ചെക്ക് നം.4987/11.11.24) <br> ₹19700/- (ചെക്ക് നം. 965832/03.01.25) | ₹23210/- (ചെക്ക് നം.968851/01.04.24) |

നൂതന പദ്ധതിയായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ കേരള യൂണിവേഴ്സിറ്റിയിൽ ആകെ 23 വിദ്യാർഥികളും, ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 3 ബാച്ചുകളിലായി 30 വിദ്യാർഥികളും എൻറോൾ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ കേരള യൂണിവേഴ്സിറ്റിയിൽ 10 വിദ്യാർത്ഥികൾ മാത്രമാണ് കോഴ്സ് ചെയ്യുന്നത്. വിദ്യാർഥികൾ

ഗ്രാമപഞ്ചായത്തുമായി വച്ചിട്ടുള്ള സമ്മതപത്ര പ്രകാരം ബിരുദ പഠനം പൂർത്തിയാക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അവർക്കായി ചെലവഴിച്ച തുക തിരികെ നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 4 വിദ്യാർത്ഥികൾ മാത്രമാണ് തിരികെ തുക ഒടുക്ക് വരുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പഠനം പാതി വഴിയിൽ ഉപേക്ഷിച്ച ബാക്കി പഠിതാക്കളിൽ നിന്ന് തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. തുക ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 23/ 24.10.25

## 1-27 പൊതുശ്മശാന നിർമ്മാണം പദ്ധതി ആരംഭിച്ചില്ല.

പൊതുശ്മശാന നിർമ്മാണം പദ്ധതിക്കായി 2021 –22 സാമ്പത്തിക വർഷം ₹ 25,91,400/- ചെലവിൽ ഭൂമി വാങ്ങുകയും പൊതുശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി നാളിതുവരെ ₹ 9,11,158/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായി ആരംഭിച്ചു കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പരിസരവാസികളുടെ എതിർപ്പു മൂലവും വാട്ടർ അതോറിറ്റി വസ്തുത വിരുദ്ധമായ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലും കൊല്ലം ജില്ലാ കളക്ടർ പൊതു ശ്മശാന നിർമ്മാണത്തിന് അനുമതി നിഷേധിച്ചിട്ടുണ്ടെന്നും ഇതിനെതിരെ പഞ്ചായത്ത് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സാമ്പത്തികമായി ഏറെ പിന്നിൽ നിൽക്കുന്നതും പരമ്പരാഗത തൊഴിലാളികൾ തിങ്ങിപാർക്കുന്നതുമായ പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിൽ 19ൽ അധികം പട്ടികജാതി കോളനികളും രണ്ട് ലക്ഷം വീട് കോളനികളുമുണ്ട്. 4000 ത്തിലധികം കുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്തിന്റെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം വെള്ളക്കെട്ടാണ്. ലൈഫ് പദ്ധതി പ്രകാരം ലഭിച്ച മൂന്ന് സെന്റ് സ്ഥലത്ത് നിർമ്മിച്ച വീടുകളിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങളുള്ള പഞ്ചായത്തിന് പൊതുശ്മശാനം ഒരു അനിവാര്യതയാണ്. ആയതിനാൽ പൊതുശ്മശാന നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നംപർ 24/ 24.10.25

## 1-28 തെരുവ് വിളക്ക് പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി നം. എസ് ഓ 163/ 25- തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ – 230270/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – ₹220248/- (വൗച്ചർ നം XVFC/ 2024-25/ P/ 9/ 27.07.24)

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3/2011/തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ വിളിക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബി.യും സ്ഥാപനവും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ബോധ്യപ്പെടേണ്ടതും ആയതിന്റെ വിവരം ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്ട് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും, തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രജിസ്റ്റർ പരിപാലിക്കുകയും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതായി കാണുന്നില്ല.

3. മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും വിധമുള്ള രേഖകൾ പരിപാലിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 13/22.10.25

## 1-29 തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ – അപാകത

പദ്ധതി നം. എസ് ഓ 163/ 25- തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ – 230270/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – ₹220248/- (വൗച്ചർ നം XVFC/ 2024-25/ P/ 9/ 27.07.24)

പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.24ലെ 11(2) തീരുമാന പ്രകാരം 1189 റിയോ പെൻഡൻൻഡന്റ് ഹോൾഡറുകൾ KM Associatesൽ നിന്ന് വാങ്ങുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ 15.03.24 ലെ സപ്ലൈ ഓഡർ പ്രകാരം എൽ ഇ ഡി ബൾബ് 1247, റിയോ പെൻഡൻൻഡന്റ് ഹോൾഡർ 1189, ഇൻസുലേഷൻ ടേപ്പ്- 100, അലുമിനിയം ഷേഡ് - 100, അലുമിനിയം വയർ - 3 എന്നിവ വാങ്ങുവാൻ ഓഡർ നൽകുകയും ₹ 220248/- ചെലവിൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെ അധികം ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തീരുമാനം രേഖപ്പെടുത്തിയപ്പോൾ ക്ലറിക്കൽ പിശക് മൂലമാണ് എൽ ഇ ഡി ബൾബ് -1247, ഇൻസുലേഷൻ ടേപ്പ്- 100, അലുമിനിയം ഷേഡ് - 100, അലുമിനിയം വയർ - 3 എന്നിവ രേഖപ്പെടുത്താതിരുന്നതെന്നും 01.03.24ൽ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിൻ പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയതെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. ചെലവുകൾ സംബന്ധമായ കമ്മിറ്റി തീരുമാനങ്ങൾ രേഖപ്പെടുത്തുമ്പോൾ ചെലവ് വിശദാംശങ്ങൾ പൂർണമായും രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നംപർ 27/ 24.10.25

**1-30 കായൽ ടൂറിസം മേഖലയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ₹ 1,79,333/- തടസ്സപ്പെടുത്തുന്നു.**

പദ്ധതി നം. 129/ 25- കായൽ ടൂറിസം മേഖലയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ

അടങ്കൽ – 279333/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 179333/-, തനത് ഫണ്ട് - 100000)

ചെലവ് – ₹ 1,79,333/- (വൗച്ചർ നം XVFC/ 2024-25/ P/ 70/ 19.03.25, P71/ 19.03.24, P/76/ 22.03.25, P/ 77/ 22.03.25)

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ കെ എസ് ഇ ബിയിൽ തുക ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിനായി കെ എസ് ഇ ബിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 1,79,333/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നംപർ 14/ 22.10.25

**1-31 വിവിധ കുടിവെള്ള പദ്ധതികൾ-വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയേഗ രേഖകൾ ലഭ്യമാക്കിയില്ല.**

1. പദ്ധതി നം.109/ 25- തെങ്ങുംതറമുക്ക് കുടിവെള്ള പദ്ധതി.

അടങ്കൽ – 5,97,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് – ₹ 5,97,500/- (UTR No & Date XVFC/ 2024-25/ P/19/ 25.09.24, P/24/ 28.09.24, P/15/ 25.09.24, P/23/ 28.09.24, P/18/ 25.09.24, P/22/ 28.09.2024, P/16/ 25.09.24, P/20/ 28.09.24, P/17/ 25.09.24, P21/28.09.24)

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റിയിൽ ₹ 5,97,500/- 28.09.2024-ൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരളാ വാട്ടർ അതോറിറ്റിയും തമ്മിലുള്ള കരാർ പ്രകാരം 2024 ഒക്ടോബർ 30ന് പ്രവൃത്തി ആരംഭിച്ച് 2025 ജനവരി 30ന് പൂർത്തീകരിക്കുമെന്നും പണിപൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും കേരളാ വാട്ടർ അതോറിറ്റി വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം ചെയ്തു കാണുന്നില്ല. 17.10.25-ൽ കേരളാ വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ആകെ നിക്ഷേപിച്ച തുകയിൽ ₹ 5,63,208/- ചെലവായതായും ₹ 34,292/- മിച്ചമുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി സംബന്ധമായ ഫൈനൽ ബിൽ ഹാജരാക്കുകയോ ബാലൻസ് തുകയായ ₹ 34,292/- ഗ്രമപഞ്ചായത്തിൽ ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല.

2. പദ്ധതി നം. 175/ 25- കളീലിൽമുക്ക് ചിറ്റടിക്കാവ് റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ.

അടങ്കൽ – 3,00,000/- (ധനകര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – ₹3,00,000/- (വൗച്ചർ നം XVFC/ 2024-25/ P/ 27/ 18.10.24, P/34/ 22.10.25)

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റിയിൽ ₹ 3,00,000/- നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരളാ വാട്ടർ അതോറിറ്റിയും തമ്മിലുള്ള കരാർ പ്രകാരം 2024 നവംബർ മാസം പ്രവൃത്തി ആരംഭിച്ച് 2025 ഫെബ്രുവരി 28ന് പൂർത്തീകരിക്കുമെന്നും പണിപൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും കേരളാ വാട്ടർ അതോറിറ്റി വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം ചെയ്തു കാണുന്നില്ല. 17.10.25ൽ കേരളാ വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ആകെ നിക്ഷേപിച്ച തുകയിൽ ₹ 2,13,063/- ചെലവായതായും ₹ 86,937/- മിച്ചമുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി സംബന്ധമായ ഫൈനൽ ബിൽ ഹാജരാക്കുകയോ ബാലൻസ് തുകയായ ₹ 86,937/- ഗ്രമപഞ്ചായത്തിൽ ഒടുക്കു വരുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി നിൽക്കുന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നതിനും ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമെൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ടും വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നംപർ 15/ 22.10.25

**1–32 ജൽജീവൻമിഷൻ അവലോകനം**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ്.
ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം നാളിതുവരെ നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻമിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല.

**1–33 ഹെൽത്ത് ഗ്രാന്റ് അവലോകനം**

സ.ഉ.(സാധാ) നം.2132/2022/LSGD തീയതി, 31-08-2022 പ്രകാരം 2021-22-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 കാലയളവ് വരെയാണ് ഹെൽത്ത്ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 | | 2021-22 | 2022-23 | 2023-24 | 2024-25 | | |
| Support For Diagnostic Infrastructure | 0 | 239640 | 773734 | 322898 | 1336272 | 0 | 201250 | 787508 | 25148 | 1013906 | 322366 |
| Grant For Rural Health & Wellness Centres | 0 | 111570 | 334507 | 528896 | 974973 | 0 | 98664 | 214968 | 126298 | 439930 | 535043 |
| Health Grant Towards Buildingless Subcenter | 0 | 0 | 2805500 | 76241 | 2881741 | 0 | 0 | 0 | 2775000 | 2775000 | 106741 |
| ആകെ | 0 | 351210 | 3913741 | 928035 | 5192986 | 0 | 299914 | 1002476 | 2926446 | 4228836 | 964150 |

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | | 0 | | | |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | | 0 | | | 0 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | 0 | 201250 | 787508 | 25148 | 1013906 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | | 0 | | | |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | | 0 | | | |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | | 0 | | | |
| | ആകെ | 0 | 201250 | 787508 | 25148 | 1013906 |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | | 98664 | 214968 | 126298 | 439930 |
| 2 | ഇന്റർനെറ്റ് ചാർജ് | | 0 | | | |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | | 0 | | | |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | | 0 | | | |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | 0 | 0 | | | |
| | ആകെ | 0 | 98664 | 214968 | 126298 | 439930 |

Construction Of Buildings To Health Subcentres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|---|
| 1 | നിർമ്മാണ പ്രവൃത്തികൾ | | | | 0 | 2775000 | 2775000 |
| | | | | | | | |

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഹെൽത്ത്ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഫാമിലി ഹെൽത്ത് സെന്ററിനുകീഴിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകളുടെ എണ്ണം എന്നിവയെ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.1/17.10.25

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| March-13-6500<br>April-13-6500<br>May-13-6500<br>June-12-6000<br>July12-6000<br>Aug-12-6000<br>Sep-12-6000<br>Oct-13-6500<br>Nov-12-6000<br>Dec-14-7000<br>Jan-13-6500<br>Feb-13-6500 | 76000/- | 76000/- | | |

(1-4-24 മുതൽ 31-3-25 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24 മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | 0 | |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 23.10.25 | കെ.എസ്.എ.കെ.എൽ.എം. പി10/2214/2025<br>തീയതി 26.11.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 100000/- | പ്രോജക്ട് നം. 34<br>ആയൂർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 100000/- | പ്രോജക്ട് നം. 50<br>അനുപൂരക പോഷകഹാരം എസ്.സി.പി. | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 60000/- | പ്രോജക്ട് നം. 80<br>അനുപൂരക പോഷകഹാരം | 60000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 42750/- | പ്രോജക്ട്നം.63<br>ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 42750/- | 0 |
| | | 200000/- | പ്രോജക്ട്നം.58<br>ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000/- | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 70000/- | പ്രോജക്ട് നം. 58<br>ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 70000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 100000/- | പ്രോജക്ട് നം.164<br>വലിയപാടം സബ് സെന്ററിനു ഭൂമി വാങ്ങൽ | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 400000/- | പ്രോജക്ട് നം.164<br>വലിയപാടം സബ് സെന്ററിനു ഭൂമി വാങ്ങൽ | 400000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 160000/- | പ്രോജക്ട് നം.69<br>ലൈഫ് ഭവനപദ്ധതി ജനറൽ. | 160000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 145028/- | മാച്ചിനെത്ത് മുക്ക് കളവള മുക്ക് റോഡ് നവീകരണം | 145028/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 193976/- | പുളിവേലിൽ മുക്ക്-കായൽ ബണ്ട് റോഡ് നിർമ്മാണം | 193976/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 560000/- | പ്രോജക്ട് നം.154<br>ലൈഫ് ഭവനപദ്ധതി എസ്.സി.പി. | 560000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 44673/- | പ്രോജക്ട് നം. 261 പാലിന് സബ്സിഡി | 44673/- | 0 |
| | | 293046/- | പ്രോജക്ട് നം. 124 പാലിന് സബ്സിഡി | 293046/- | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 174540/- | പ്രോജക്ട് നം. 124 പാലിന് സബ്സിഡി | 174540/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50000/- | പ്രോജക്ട് നം.125<br>പാലിന് സബ്സിഡി എസ്.സി.പി. | 50000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 46597/- | പ്രോജക്ട് നം. 132<br>അതിദാരിദ്ര നിർമ്മാർജ്ജനം ഭക്ഷണം നൽകൽ | 46597/- | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ജല അതോറിറ്റി | തെങ്ങും തറ മുക്ക് കുടിവെള്ള പദ്ധതി (109/25) | ₹/-138600/-<br>(വൗച്ചർ നം. 42400443/30.09.24)<br>₹-5000<br>(വൗച്ചർ നം. 42400444 /30.09.24)<br>95000/- (വൗച്ചർ നം. 42400445 /30.09.24)<br>258900/-(വൗച്ചർ നം. 42400446 /30.09.24)<br>100000/-(വൗച്ചർ നം. 42401367 /31.03.25) | 597500/- | 563208/- | 34292/- |
| ജല അതോറിറ്റി | കളീലുമുക്ക് ചിറ്റാടിക്കാവ് റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ (175/25) | XVFC/2024-25/P27/18.10.24-270000/-<br>VFC/2024-25/P34/22.10.24-30000/- | 300000/- | 213063/- | 86937/- |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (170/25) | XVFC/2024-25/P8/23.07.24-22500/-<br>XVFC/2024-25/P10/27.07.24-2500/-<br>4581/31.07.24-43/- | 25043 | 25043 | 0 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (5/25) | XVFC/2024-25/P41/08.11.24-10948/-<br>XVFC/2024-25/P42/08.11.24-22500/- | 35948 | 35948 | 0 |

| | | | | | |
|---|---|---|---|---|---|
| | | XVFC/2024-25/P43/13.11.24-2500/- | | | |
| കെ.എസ്.ഇ.ബി. | കായൽ ടൂറിസം മേഖലയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(129/25) | (വൗച്ചർ നം.42401366/31.03.25) | 179333 | | 179333 |

**4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-6 വായ്പ / വായ്പാ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 320000/- രൂപ വരവുണ്ട്. മുൻബാക്കി 7497288/- രൂപയടക്കം 7817288/- രൂപയിൽ 1625000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 320000/- | 32199176/- | 2839640/- | | 29679536/- |

**4-7 സ്ഥിര നിക്ഷേപം**

ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2023-24 | 1-13 | 1000/- | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1240502864/26.03.25 |

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3 -14(1) | ജനകീയ പാർപ്പിട പദ്ധതി | നടപടി തുടരുന്നു |
| 2002-03 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 2006-07 | 3-11-3 | തൊഴിൽക്കരം സംബന്ധിച്ച് | നടപടി തുടരുന്നു |
| 2002-03 | 3-7 | 2006-07 | 3(11)(8) | പൊതുമരാമത്തു പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |
| ---- | ----- | 2017 – 18 | അനുക്രമണിക അദ്ധ്യായം 6 | പാരിസ്ഥിതിക വിഷയങ്ങൾ – അവലോകനം | നടപടി തുടരുന്നു |
| 2015 -16 | 2-1 | 2016 – 17 | അനുബന്ധം 5 | തൊഴിൽ നികുതി | ----- |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 138248/- | ശ്രീ. അതുൽ ബാബുരാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-16 | 72400/- | ശ്രീ.അശ്വിൻ .എസ്, വി.ഇ.ഒ. |
| 1-19 | 4000/- | ശ്രീ. അനന്തപത്മനാഭൻ, കൃഷിഓഫീസർ |
| 1-21 | 154975/- | ശ്രീ. അമൃത് എസ്. വിഷ്ണു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| | 216965/- | ശ്രീമതി റ്റീന മേരി തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| | 61990/- | ശ്രീ. എൽവിൻ ജോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-22 | 4322/- | ശ്രീ. എൽവിൻ ജോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-24 | 130988/- | ശ്രീ. എൽവിൻ ജോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| | 30938/- | ശ്രീമതി റ്റീന മേരി തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| | 104572/- | ശ്രീ. അമൃത് എസ്. വിഷ്ണു , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-30 | 1,79,333/- | ശ്രീ. ദിലീപ് റ്റി, സെക്രട്ടറി |
| ആകെ | 1098731/- | |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും/ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റ്റീന മേരി തോമസ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | എഫ്.എച്ച്.സി പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | കാരുണ്യ വികാസ് നഗർ, പട്ടത്താനം, കൊല്ലം |
| ശ്രീ. അതുൽ ബാബുരാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | രാജ് ഭവൻ, കൊട്ടിയം പി.ഒ കൊല്ലം 9895034601 |
| ശ്രീ. അമൃത് എസ്. വിഷ്ണു, മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി. ) | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | കളീക്കൽ, പനപ്പെട്ടി, പോരുവഴി പി.ഒ. |
| ശ്രീ. എൽവിൻ ജോസ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | എഫ്.എച്ച്.സി പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | സന്തോഷ് ഭവനം, പുതുക്കാട് കര, മുകുന്ദപുരം |
| ശ്രീ. ദിലീപ് റ്റി., സെക്രട്ടറി | സെക്രട്ടറി, പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | കാർത്തിക മന്ദിരം, മാലിഭാഗം, ചവറ സൗത്ത് പി.ഒ. |
| ശ്രീ. അനന്തപത്മനാഭൻ, കൃഷിഓഫീസർ | | ദേവീകൃപ, പാരക്കാട്, ഐരക്കുഴി പി.ഒ |
| | | |

| | | |
|---|---|---|
| ശ്രീ. അശ്വിൻ .എസ്, വി.ഇ.ഒ. | വി.ഇ.ഒ. | കേതാരം, വടക്കുംഭാഗം, ചവറ സൗത്ത് പി.ഒ, കൊല്ലം-691584 9497361183 |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 1 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 5 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം./പി.8/717(1)/19 തീയതി.29.5.19 | 5 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം./പി.8/717(2)/19 തീയതി.29.5.19 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം./പി.8/717(3)/19 തീയതി.29.5.19 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം./പി.8/717(4)/19 തീയതി.29.5.19 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം./പി.10/അദാലത്ത് 2010-11, 2011-12/96/22 തീയതി.22.8.2022 | 4 |
| 2012-13 & 2013-14 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2012-13, 2013-14/96/22 തീയതി.22.8.2022 | 10 |
| 2014-15 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2014-15/96/22 തീയതി.22.8.2022 | 7 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2015-16/96/22 തീയതി.22.8.2022 | 9 |
| 2016 - 17 | കെ.എസ്.എ.- കെ.എൽ.എം./പി 10/1/18 തീയതി – 2/2/2018 | 17 |
| 2017 - 18 | കെ.എസ്.എ.- കെ.എൽ.എം./പി 10/299/19 തീയതി – 7/5/2019 | 8 |
| 2018 - 19 | കെ.എസ്.എ.- കെ.എൽ.എം./പി 10/430/20 തീയതി – 20/5/2020 | 10 |
| 2019 - 20 | കെ.എസ്.എ.- കെ.എൽ.എം./പി 10/1022/22 തീയതി – 06/5/2022 | 11 |
| 2020 - 21 | കെ.എസ്.എ.- കെ.എൽ.എം./പി 10/11/22 തീയതി – 16/7/2022 | 10 |
| 2021 - 22 | കെ.എസ്.എ.- കെ.എൽ.എം./പി 10/1846/22 തീയതി – 22/3/2023 | 10 |
| 2022 - 23 | കെ.എസ്.എ.- കെ.എൽ.എം./പി10/ 1417/23 തീയതി – 04/09/2023 | 14 |
| 2023-24 | കെ.എസ്.എ.കെ.എൽ.എം.പി10/1228/2024 തീയതി-12.07.2024 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 23-07-2025 and submitted on 25-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the West Kallada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of West Kallada Grama Panchayat as on 31-03-2025

**Date: 26/11/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of West Kallada Grama Panchayat for the Year 2024-2025.**

**1.Major Observations**

Nil.

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. The amount of CFC as per 40(b) does not match with B-4.

3. The expenditure statement of SCP fund does not match with sulekha statement.
4. Secured loan in RP-31 is not accurate.
5. The details of the amount of Suchithwa mission grant in I-6 were not provided.
6. Details of the following were not provided
a) beneficiary amount contribution in balance sheet
b) other advance amount -10000/-
C) The amount included in prior period expenditure.
7) Details of deposit work amount of current year were not included in AFS.
8) The expenditure of development fund general and maintanance grant non-road in AFS does not match with sulekha statement.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**